"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് - ജീവനക്കാര്യം - ശ്രീ. സനോബ് എസ്. കെഎഎസ് (PEN : 165598) അന്യത്രസേവനത്തിനുശേഷം ജോലിയിൽ പ്രവേശിക്കുന്നതിനായി റിപ്പോർട്ട് ചെയ്ത തീയതി മുതൽ നിയമന ഉത്തരവ് ലഭിച്ച തീയതി വരെയുള്ള കാലയളവ് ഡ്യൂട്ടി ആയി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2654/2026/GAD തീയതി,തിരുവനന്തപുരം, 29-05-2026

---

പരാമർശം:
1. സ.ഉ. (സാധാ) നം. 1373/2026/GAD തീയതി, 18.03.2026.
2. ശ്രീ. സനോബ് എസ്. കെഎഎസ് സമർപ്പിച്ച 23.03.2026 - ലെ അപേക്ഷ.
3. വ്യവസായ വാണിജ്യ ഡയറക്ടറുടെ 26.03.2026 - ലെ DIC/6489/2019-ED2(1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സ്റ്റേറ്റ് ഐ.ടി. മിഷനിൽ "ഹെഡ് - ഇന്നവേഷൻ ആന്റ് റിസർച്ച്" തസ്തികയിലെ അന്യത്രസേവനത്തിനുശേഷം കേഡറിൽ തിരികെ പ്രവേശിക്കുന്നതിനായി 23.02.2026 പൂർവ്വാഹ്നത്തിൽ റിപ്പോർട്ട് ചെയ്തിരുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ഓഫീസർ (ജൂനിയർ ടൈം സ്കെയിൽ) ശ്രീ. സനോബ് എസ്. കെഎഎസ് - ന് പരാമർശം (1) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ നിയമനം നൽകിയിരുന്നു. അതനുസരിച്ച് 18.03.2026 അപരാഹ്നത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ അസിസ്റ്റന്റ് ഡയറക്ടർ ആയി ചാർജെടുത്തിട്ടുള്ളതിനാൽ നിയമനത്തിനായി കാത്തുനിന്ന കാലയളവ് ഡ്യൂട്ടി ആയി ക്രമീകരിച്ചു നൽകണമെന്ന് ശ്രീ. സനോബ് എസ്. കെഎഎസ് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചു.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ഓഫീസർ (ജൂനിയർ ടൈം സ്കെയിൽ) ശ്രീ. സനോബ് എസ്. കെഎഎസ് (PEN : 165598) - ന്, അന്യത്രസേവനത്തിനുശേഷം കേഡറിൽ തിരികെ പ്രവേശിക്കുന്നതിനായി റിപ്പോർട്ട് ചെയ്തിരുന്ന 23.02.2026 പൂർവ്വാഹ്നം മുതൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ അസിസ്റ്റന്റ് ഡയറക്ടർ ആയി നിയമന ഉത്തരവ് ലഭിച്ച 18.03.2026 പൂർവ്വാഹ്നം വരെയുള്ള കാലയളവ് കേരള സർവീസ് ചട്ടങ്ങൾ ഭാഗം I, ചട്ടം 12(7) - ന്റെ ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടി ആയി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ARAVIND B S
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
ശ്രീ. സനോബ് എസ്. കെഎഎസ്, അസിസ്റ്റന്റ് ഡയറക്ടർ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് [17.05.2026 - ലെ (E.3493216):EXP-A2/228/2026-FIN നമ്പർ കുറിപ്പ് പ്രകാരം].
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്.
വെബ് ആന്റ് ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Noushad. S
Date: 29-05-2026 11:19:37

സെക്ഷൻ ഓഫീസർ